അതിനുശേഷം 5.00 മണിവരെ ഭവന സന്ദർശനവുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഐസിഡിഎസ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതല്ലാത്ത മറ്റ് പ്രവർത്തനങ്ങളിൽ അങ്കണവാടി പ്രവർത്തകരെ സാധാരണ നിയോഗിക്കാറില്ലെങ്കിലും അങ്കണവാടി നടത്തിപ്പുമായി ബന്ധപ്പെട്ട വാർഷിക സർവ്വേ, വികലാംഗ സർവ്വേ എന്നിവയ്ക്ക് അങ്കണവാടി പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലാണ് ടി ജീവനക്കാരെ ചുമതലപ്പെടുത്താറുള്ളത്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വയോമിത്രം പദ്ധതി

204 (5557) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വയോജനങ്ങൾക്ക് വരുമാനപരിധി മാനദണ്ഡമാക്കാതെ, ആരോഗ്യ സംരക്ഷണം നൽകുകയെന്നതാണ് വയോമിത്രം പദ്ധതിയുടെ ലക്ഷ്യം. ഇതിലേക്കായി മൊബൈൽ ക്യാമ്പുകളിലൂടെ സൗജന്യമായി മരുന്നുകൾ, കൗൺസിലിംഗ് സേവനം, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകുന്നു.

(സി) പദ്ധതി നടത്തിപ്പിനായി ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്പെഷ്യൽ ടീച്ചർ

205 (5558) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ എത്ര സ്പെഷ്യൽ ടീച്ചർമാർ ജോലി ചെയ്യുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly